പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 466 **13-10-2026-ൽ മറുപടിയ്ക്ക്**

മെറ്റീരിയൽ ബാങ്ക്, റിവോൾവിംഗ് ഫണ്ട് പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. എ. സി. മൊയ്തീൻ	ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കയർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരംഭിച്ച മെറ്റീരിയൽ ബാങ്ക്, റിവോൾവിംഗ് ഫണ്ട് എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

മറുപടി: മെറ്റീരിയൽ ബാങ്ക് പദ്ധതി

കയർ സംഘങ്ങൾക്ക് ന്യായവിലക്ക് തുടർച്ചയായി ചകിരി ലഭ്യമാക്കുന്നതിനാണ് കയർഫെഡ് വഴി മെറ്റീരിയൽ ബാങ്ക് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ 3 കോടി 95 ലക്ഷം/- രൂപ കയർഫെഡിന് അനുവദിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ച നടപടിക്രമങ്ങൾ അനുസരിച്ച് ഇ-ടെൻഡർ വഴി തെരഞ്ഞെടുത്ത വിതര ണക്കാരിൽ നിന്നും 23,10,379/- രൂപയുടെ ചകിരി ശേഖരിച്ചു കയർഫെഡ് മുഖേന കയർ ഉൽപ്പാദക സംഘങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. കൂടുതൽ അളവിൽ ചകിരി ഉല്പാദകരിൽ നിന്നും ശേഖരിച്ച് സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കയർഫെഡ് സ്വീകരിച്ചു വരുന്നു.

റിവോൾവിംഗ് ഫണ്ട് പദ്ധതി

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ ഏജൻസികൾ സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന കയർ, കയർ ഉത്പന്നങ്ങൾ എന്നിവയുടെ വില യഥാസമയം സംഘങ്ങൾക്ക് നൽകുന്നതിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ളതാണ് റിവോൾവിംഗ് ഫണ്ട് പദ്ധതി. ഈ പദ്ധതി പ്രകാരം കയർ ഫെഡിന് 7 കോടി രൂപയും, കയർ കോർപ്പറേഷന് 3 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ഉത്പന്നങ്ങൾ വിറ്റ കിട്ടുന്ന തുകയിൽ നിന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും, കയർഫെഡും അവർക്ക് അനുവദിച്ചു നൽകിയ തുക 45 ദിവസത്തിനുള്ളിൽ റിവോൾവിംഗ് ഫണ്ടിലേക്ക് തിരിച്ചടക്കുകയും അപേക്ഷ പ്രകാരം തുക റിവോൾവ് ചെയ്യാനായി വീണ്ടും അനുവദിക്കുന്നതുമാണ് പദ്ധതി.

കയർഫെഡിന് അനുവദിച്ച തുക 504 സംഘങ്ങളുടെ കയർ വില കുടിശിക നൽകുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപറേഷൻ 45 ദിവസം കൂടുമ്പോൾ 3 കോടി രൂപ തിരിച്ചടവ് വരുത്തി വീണ്ടും റിവോൾവ് ചെയ്ത ഉത്പന്നങ്ങൾ വാങ്ങുന്നതിനായി ഉപയോഗിച്ച് വരുന്നു.

(ബി) ഇതുവഴി കയർ മേഖലയിലെ ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> മെറ്റീരിയൽ ബാങ്ക് പദ്ധതി പ്രകാരം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കയർഫെഡ് മുഖാന്തിരം ആവശ്യമായ ചകിരി വാങ്ങി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ 3 കോടി 95 ലക്ഷം രൂപ കയർഫെഡിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണമായ തോതിൽ നടപ്പാകുന്ന മുറക്ക് ചകിരി ക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ്.

സെക്ഷൻ ഓഫീസർ